# പതിമൂന്നാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.791 — 11.03.2015 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ മുതലമടയിലെയും സമീപ പഞ്ചായത്തുകളിലെയും എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി എന്തെല്ലാം പഠനങ്ങളാണ് സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 1.03.2011 ലെ 224/2011 നം. സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഒഴലപ്പതി, കൊല്ലങ്കോട്, ഷോളയൂർ, പുതൂർ, കുമരംപുത്തൂർ, അകത്തേത്തറ, നെല്ലിയാമ്പതി, വണ്ണാമല മേഖലകളിൽ 3.05.2011 മുതൽ 09.05.2011 വരെ ആരോഗ്യ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരെയും, ഇതിനു മുന്നോടിയായി 19.11.2010, 20.11.2010 തീയതികളിൽ മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 46 പേരെയും കണ്ടെത്തുകയുണ്ടായി. പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയ ഈ 188 പേരിൽ നിന്നും യഥാർത്ഥ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും വിദഗ്ധ സംഘം 29.10.2014-ന് മുതലമട പഞ്ചായത്തിൽ പ്രത്യേക ക്യാമ്പ് നടത്തുകയും ആകെ കണ്ടെത്തിയ അംഗവൈകല്യമുള്ള 77 പേരിൽ നിന്ന്, അംഗവൈകല്യം സംഭവിക്കാൻ പ്രത്യേക കാരണം സ്ഥിരീകരിക്കാൻ കഴിയാത്ത 29 പേരെ വിദഗ്ധ സംഘം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് 8 പഞ്ചായത്തുകളിൽ കൂടി മുതലമടയിൽ എന്ന പോലെ സമാന ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എത്രപേരാണ് എൻഡോസൾഫാൻ ബാധിതരായിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | എൻഡോസൾഫാൻ ബാധിതരാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള രോഗികളുടെ പട്ടിക നിലവിലില്ല. |
| (സി) | കാസർഗോഡ് പരിശോധിച്ച വിദഗ്ധ ടീമിനെവെച്ച് ഈ മേഖലയിൽ വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. ആവശ്യം പരിശോധിക്കുന്നതാണ്. |
| (ഡി) | നിലവിലുള്ള ദുരിത ബാധിതർക്ക് സഹായമെത്തിക്കുന്നതിന് എന്തെങ്കിലും പാക്കേജ് സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമഗ്ര പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | എൻഡോസൾഫാൻ ബാധിതരെന്ന് സ്ഥിരീകരിക്കപ്പെട്ട രോഗികളില്ലാത്തതിനാൽ പാലക്കാട് ജില്ലയിൽ അത്തരക്കാർക്കുള്ള സഹായ പാക്കേജ് നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ